ഉത്തരം

(എ) നാറാണംമൂഴി പഞ്ചായത്തിലെ 6, 7 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, വടശ്ശേരിക്കര പഞ്ചായത്തിലെ 6, 7, 9 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, റാന്നി പഞ്ചായത്തിലെ 3-ാം വാർഡിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, അങ്ങാടി പഞ്ചായത്തിലെ 1, 3, 4, 7, 8 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, പഴവങ്ങാടി പഞ്ചായത്തിലെ 1, 3 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, റാന്നി-പെരുനാട് പഞ്ചായത്തിലെ 4, 5, 7 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, വെച്ചൂച്ചിറ പഞ്ചായത്തിലെ കൊല്ലംമുള ശുദ്ധജല വിതരണ പദ്ധതി.

(ബി) പഴവങ്ങാടി പഞ്ചായത്തിലെ 1,3 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, റാന്നി-പെരുനാട് പഞ്ചായത്തിലെ 4,5,7 വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, വെച്ചൂച്ചിറ പഞ്ചായത്തിലെ കൊല്ലംമുള ശുദ്ധജല വിതരണ പദ്ധതി.

(സി) അട്ടത്തോട് പദ്ധതി, സോളാർ പമ്പ്സെറ്റ് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചെങ്കിലും വിശദമായ പഠനത്തിൽ പ്രസ്തുത പദ്ധതി പ്രായോഗികമല്ലെന്ന് കണ്ടതിനെത്തുടർന്ന് വേണ്ടെന്നുവച്ചു. പുതുശ്ശേരി മലയ്ക്കും ഇടക്കുളത്തിനും ഭരണാനുമതി ഉണ്ടെങ്കിലും പ്രധാന പദ്ധതിയായ റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം മാത്രമേ ഈ രണ്ടു പദ്ധതികളും നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

86 [1916] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1989-ൽ ആരംഭിച്ച രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതിയുടെ രാജകുമാരി പഞ്ചായത്ത് ആഫീസ് പരിസരത്തുള്ള പ്രധാന ടാങ്ക് പഞ്ചായത്തിന്റെ സഹകരിതിയും അസൗകര്യവും കണക്കിലെടുത്ത് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സാങ്കേതിക തടസ്സം ഇല്ലാത്തപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

പണി പൂർത്തിയാകാത്ത ഇറിഗേഷൻ പദ്ധതികൾ

87 [1917] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണി ആരംഭിച്ചിട്ട് പൂർത്തിയാകാത്ത മേജറും ഇടത്തരവുമായ എത്ര ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ടെന്നും ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ ഓരോന്നിന്റേയും അടങ്കൽ തുക എത്ര വീതമാണ്;

(സി) ഓരോന്നിനും ഇതിനകം എന്തു തുക വീതം ചെലവഴിച്ചു;

(ഡി) ഓരോ പദ്ധതിയും ആരംഭിച്ചത് ഏത് വർഷത്തിൽ;

(ഇ) പണി സ്തംഭനത്തിലായ ഏതെല്ലാം പദ്ധതികളുണ്ട്?

ഉത്തരം

(എ) — (ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) പണി സ്തംഭനത്തിലായ പദ്ധതികൾ ഒന്നുതന്നെ ഇല്ല.

പേരാമ്പ്രയിൽ സ്ഥിതിചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് നിർത്തലാക്കുന്നതിനുള്ള തീരുമാനം

88 [1918] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ സ്ഥിതിചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ് നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ;

(സി) കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ആഫീസുകളാണ് ഇപ്പോൾ പേരാമ്പ്രയിൽ പ്രവർത്തിക്കുന്നത്;

(ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസും അതിനോടനുബന്ധിച്ചുള്ള മുഴുവൻ ജീവനക്കാരെയും പേരാമ്പ്രയിൽ തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ പേരാമ്പ്രയിലുള്ള കാഡാ ഡിവിഷൻ നിർത്തലാക്കുവാനും പഴശ്ശി ജലസേചന പദ്ധതിയുടെ കാഡാ പ്രവർത്തനങ്ങൾക്കായി കാഡാ ഡിവിഷൻ, കണ്ണൂർ എന്ന നിലയിൽ പ്രവർത്തിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (ആർ ടി.) നമ്പർ 484/05/ജ.വി.വ. തീയതി 26-4-2005.

(സി) കുറ്റ്യാടി ഇറിഗേഷൻ ഡിവിഷൻ, പേരാമ്പ്രയും വടകര സബ് ഡിവിഷൻ ആഫീസിന് കീഴിൽ പ്രവർത്തിക്കുന്ന ഒന്നും നാലും സെക്ഷൻ ആഫീസുകളും.

(ഡി) കാഡാ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പന്ത്രണ്ട് പദ്ധതികളിൽ ഒന്നാണ് കുറ്റ്യാടി പദ്ധതി. ഈ പദ്ധതിക്ക് കേന്ദ്ര സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ, കാഡാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പേരാമ്പ്രയിലെ ജീവനക്കാരെ മാത്രം പഴശ്ശി പദ്ധതിയുടെ കാഡാ പ്രവർത്തനങ്ങൾക്കായി കണ്ണൂരിലേക്ക് മാറ്റിയിട്ടുണ്ട്.

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-XI

[21-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 87 (1917) സദയം കാണുക].

അനുബന്ധം

സംസ്ഥാനത്ത് പണി ആരംഭിച്ചിട്ട് പൂർത്തിയാകാത്ത മേജറും ഇടത്തരവുമായ ജലസേചന പദ്ധതികൾ	ഓരോന്നിന്റെയും അടങ്കൽ തുക	ഓരോന്നിനും ഇതിനകം ചെലവഴിച്ച തുക (31-3-2005 വരെ)	ഓരോ പദ്ധതിയും ആരംഭിച്ച വർഷം
കാരാപ്പുഴ ജലസേചന പദ്ധതി	253.00 കോടി രൂപ	21447.12 ലക്ഷം രൂപ	1977
ബാണാസുര സാഗർ പദ്ധതി	54.44 ,,	1433.75 ,,	1971
റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല	35.00 ,,	2644.64 ,,	1993
റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം	120.00 ,,	846.00 ,,	1983
അട്ടപ്പാടി വാലി പദ്ധതി	161.00 ,,	911.46 ,,	1970
പലകപ്പാണ്ടി പദ്ധതി	10.30 ,,	114.50 ,,	2004
കുരിയാർകുറ്റി കാരപ്പാറ പദ്ധതി	197.00 ,,	2256.09 ,,	1978
പഴശ്ശി പദ്ധതി	162.00 ,,	16158.69 ,,	1961
കാഞ്ഞിരപ്പുഴ പദ്ധതി	112.00 ,,	11434.57 ,,	1961
കല്ലട ജലസേചന പദ്ധതി	714.00 ,,	68659.00 ,,	1961
മൂവാറ്റുപുഴവാലി പദ്ധതി	684.00 ,,	54800.00 ,,	1974
ഇടമലയാർ ജലസേചന പദ്ധതി	307.11 ,,	16200.00 ,,	1981